(എഫ്) ഇത് പരിഹരിക്കാൻ സമയ ബന്ധിതമായി എന്തെങ്കിലും പരിപാടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്ക് ഊന്നൽ നൽകി 18 പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചു. ഇവയിൽ ആരംഭിച്ച കോഴ്സുകളിൽ 90 ശതമാനവും വിവര സാങ്കേതിക വിദ്യയിലാണ്. നിലവിലുണ്ടായിരുന്ന കോളേജുകളിൽ വർദ്ധിപ്പിച്ച സീറ്റുകളിലും ഏറിയ ഭാഗവും ഐ.റ്റി. വിഷയങ്ങളിൽത്തന്നെയായിരുന്നു. 4600-ൽപരം സീറ്റുകൾ ഇപ്രകാരം പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. 5100 ഓളം സീറ്റുകൾ പോളിടെക്നിക്കുകളിൽ അനുവദിച്ചതിലും 90% ഉം ഐ.റ്റി. മേഖലയിൽത്തന്നെയാണ്. കൂടാതെ കാസർഗോഡ്, കുറ്റിപ്പുറം, കോതമംഗലം, തിരുവനന്തപുരം എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.സി.എ. കോഴ്സുകളും പുതുതായി ആരംഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ എയിഡഡ് എഡ്യൂക്കേഷൻ സ്കൂളുകളിൽ ഏർപ്പെടുത്തുവാൻ നയപരമായ തീരുമാനം എടുത്തു. ഇതിനുള്ള അദ്ധ്യാപക പരിശീലനം ആരംഭിച്ചു കഴിഞ്ഞു.

(ബി) പ്രത്യേകം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഐ.റ്റി.അധിഷ്ഠിത വ്യവസായ അടിത്തറ വളർത്തുക, ഐ.റ്റി വ്യാപനത്തിനായി മാനുഷിക വിഭവശേഷി വികസിപ്പിക്കുക എന്നീ 3 ബൃഹത് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അതിനായി ഉപയുക്ത പദ്ധതികൾ ആവിഷ്കരിച്ച് ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു സമഗ്ര ഐ.റ്റി. നയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇക്കാര്യത്തിൽ സർക്കാർ-അർദ്ധസർക്കാർ-സഹകരണ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

സർവ്വകലാശാലകളിൽ സെമസ്റ്റർ സമ്പ്രദായം

16 (*106) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ മുതൽ നടപ്പിലാക്കും ;

(സി) ഈ സമ്പ്രദായത്തിന്റെ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) കൊച്ചി സംസ്കൃത സർവ്വകാലശാലകൾ നടപ്പാക്കിയിട്ടുണ്ട്. കാലിക്കട്ട്, എം.ജി. സർവ്വകലാശാലകൾ ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. കേരള സർവ്വകലാശാല 2001-2002 അദ്ധ്യായന വർഷം മുതൽ ബിരുദാനന്തര പഠനത്തിന് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2002-2003 അദ്ധ്യയന വർഷം മുതൽ ബിരുദതലത്തിലും സെമസ്റ്റർ സമ്പ്രാദയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സെമസ്റ്റർ സമ്പ്രദായം കൊണ്ട് കോളേജ് വിദ്യാഭ്യാസ രംഗത്തെ അച്ചടക്കം മെച്ചപ്പെടുത്തുന്നതിന് സാധിക്കും. ഈ സമ്പ്രദായത്തിൽ ആറുമാസത്തിലൊരിക്കൽ കൃത്യമായി പരീക്ഷകൾ നടത്തുമെന്നതുകൊണ്ട് വിദ്യാഭ്യാസ ഗുണനിലവാരം വളരെയധികം മെച്ചപ്പെടുമെന്ന് തെളിഞ്ഞിട്ടുണ്ട്. പൊതുവായ പഠന രീതിക്കുപുറമെ ഇന്റേണൽ അസസ്മെന്റിന് സൗകര്യം ലഭിക്കുന്നു. കൂടാതെ കേന്ദ്രീകൃത മൂല്യ നിർണ്ണയം നടത്തി പരീക്ഷാ ഫലം വൈകാതെ നൽകുന്നതുകൊണ്ട് ഉപരിപഠനത്തിന് ഉദ്ദേശമുള്ള വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവുമായിരിക്കും.

ഏകീകൃത സർവ്വകലാശാല നിയമം

17 (*107) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സർവകലാശാലകളേയും ഉൾപ്പെടുത്തി ഏകീകൃത സർവ്വകലാശാല നിയമം നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പഠനത്തിന്റെ വിശദാംശം എന്താക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സർവ്വകലാശാലകൾക്കായുള്ള ഏകീകൃത നിയമം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly